# അൽഅസീസ്

مَنْ كَانَ يُرِيْدُ الْعِزَّةَ فَلِلّٰهِ الْعِزَّةُ جَمِيْعًا ؕ
اِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ
الصَّالِحُ يَرْفَعُهٗ ؕ وَالَّذِيْنَ يَمْكُرُوْنَ
السَّيِّاٰتِ لَهُمْ عَذَابٌ شَدِيْدٌ ؕ وَمَكْرُ
اُولٰٓئِكَ هُوَ يَبُوْرُ ۝

**ഞാ**നോതിയ ആയത്തിന്റെ അർത്ഥം ഇപ്രകാരമാണ്.

"ആരെങ്കിലും അന്തസ്സുദ്ദേശിക്കുന്നുണ്ടെങ്കിൽ, സർവ്വഅന്തസ്സും അല്ലാഹുവിന് മാത്രമുള്ളതാകുന്നു. പരിശുദ്ധവചനങ്ങൾ അവനിലേക്കാണ് കയറിപ്പോകുന്നത്. സൽക്കർമ്മങ്ങളെ അവൻ ഉയർത്തുകയും ചെയ്യുന്നു. ദുഷിച്ചതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നവരാരോ അവർക്ക് കഠിനശിക്ഷ ലഭിക്കുന്നതാണ്. അക്കൂട്ടരുടെ തന്ത്രം നാശമടയുകതന്നെ ചെയ്യും" (35:11).

അല്ലാഹുവിന്റെ ഒരു ഗുണനാമമാണ് അസീസ് എന്നത്. ഇത് ഏകദേശം നൂറ് സ്ഥലത്ത് വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുണ്ട്. ഈ നാമം വിവിധ വചനങ്ങളിൽ, വിവിധ വിഷയങ്ങളോടുകൂടി- ഒന്നുരണ്ട് സ്ഥലമൊഴികെ- മറ്റു ഗുണനാമങ്ങളോടൊപ്പമാണ് വന്നിട്ടുള്ളത്. അല്ലാഹുവിന്റെ സത്തയെ എടുത്തുപറഞ്ഞുകൊണ്ട് ഈ ഗുണനാമത്തെക്കുറിച്ച് നിഘണ്ടുകർത്താക്കൾ വിവിധ അർത്ഥങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഞാൻ പറയുകയാണ്.

മുഫ്റദാത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. അൽഅസീസ്- വിജയി. പരാജിതനാകാത്തവൻ. അതായത്, മറ്റുള്ളവരെ അടിച്ചമർത്തുന്നവൻ. അവനെ ആർക്കും അടിച്ചമർത്താൻ പറ്റില്ല. അവന്റെമേൽ വിജയം വരിക്കാനും കഴിയില്ല. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: തീർച്ചയായും അല്ലാഹു വിജയിയും വളരെ യുക്തിയുക്തം പ്രവർത്തിക്കുന്നവനുമാണ്. ഇമാം റാഗിബ് വീണ്ടും എഴുതിയിരിക്കുന്നു. അല്ലാഹു പറയുന്നു: ***വ ലില്ലാഹിൽഇസ്സത്തു വലിറസൂലിഹി വലിൽമുഅ്മിനീൻ***, "അന്തസ്സ് അല്ലാഹുവിനും അവന്റെ റസൂലിനും സത്യവിശ്വാസികൾക്കുമുള്ളതത്രെ" (63:9).

ഇസ്സത്ത് എന്നതിന്റെ അർത്ഥം ശക്തി ബലം വിജയം എന്നാണ്. അദ്ദേഹം എഴുതുന്നു. അല്ലാഹുവിനും അവന്റെ റസൂലിനും സത്യവിശ്വാസികൾക്കും ലഭിച്ചിട്ടുള്ള അന്തസ്സ് മാത്രമാണ് അനശ്വരവും എന്നെന്നും നിലനില്ക്കുന്നതുമായിട്ടുള്ളത്. പിന്നീട് എഴുതുന്നു. ***മൻകാന യുരീദുൽഇസ്സത്ത ഫലില്ലാഹിൽ ഇസ്സത്തു ജമീഅ*** എന്നതിന്റെ അർത്ഥം, ആരാണോ ആദരണീയനാകാൻ ആഗ്രഹിക്കുന്നത്, അവൻ അല്ലാഹുവിൽനിന്ന് അന്തസ്സ് കരസ്ഥമാക്കേണ്ടതാണ്. കാരണം എല്ലാത്തരം അന്തസ്സും അല്ലാഹുവിന്റെ കരങ്ങളിലാണുള്ളത്.

ഇമാം റാഗിബ്, വിശുദ്ധഖുർആന്റെ ആയത്തുകളുടെ അടിസ്ഥാനത്തിലാണ് പൊതുവെ അർത്ഥം പറയാറുള്ളത്.

ലിസാനുൽ അറബിൽ ഇതിന്റെ അർത്ഥം ഇങ്ങനെ വിവരിച്ചിരിക്കുന്നു. അൽഅസീസ്, അല്ലാഹുവിന്റെ സിഫത്താണ്. അവന്റെ നാമങ്ങളിൽ ഒരു നാമമാണ്. സുജാജ് പറയുന്നു, എതൊന്നിനോളം എത്താൻ സാധിക്കാതെ വരുന്നുവോ, ആ സത്തയ്ക്കാണ് അസീസ് എന്നു പറയുന്നത്. ഒരു വസ്തുവിനും ആ സത്തയെ പരാജയപ്പെടുത്താൻ കഴിയില്ല. ചിലരുടെ ദൃഷ്ടിയിൽ അൽഅസീസ്, ശക്തനും, എല്ലാത്തിനേയും അതിജയിച്ചു നില്ക്കുന്നവനുമായ സത്തയാണ്. അൽ-അസീസ് എന്നത് അതുല്യമായ സത്തയാണെന്നും പറയപ്പെട്ടിരിക്കുന്നു. അൽമുഇസ്സ് എന്നതും അല്ലാഹുവിന്റെ ഒരു ഗുണനാമമാണ്. തന്റെ ദാസരിൽ അവനിച്ഛിക്കുന്നവർക്ക് അന്തസ്സ് നല്കുന്നു. അൽഇസ്സു, ദില്ലത്തിനു വിപരീതമായി ഇസ്സത്ത് ഉപയോഗിക്കുന്നു. അൽഇസ്സു എന്നതിന്റെ യഥാർത്ഥ താൽപര്യം പ്രബലത, കാഠിന്യം, ഔന്നത്യം എന്നതാണ്. ***അൽഇസ്സുവൽഇസ്സത്തു*** എന്നതിന്റെ അർത്ഥം ***അർരിഫത്തു, വൽഇംതിനാവു***. കയറാൻ പറ്റാത്ത ഉയർന്ന സ്ഥലം.

ഈ വിശദീകരണത്തിന്റെ എല്ലാം ചുരുക്കമിതാണ്. അസീസ് എന്നത് അല്ലാഹുവിന്റെ നാമമാണ്. അത് പൂർണ്ണതയുടേയും സർവ്വവും കൂടിച്ചേരലിന്റേയും അടിസ്ഥാനത്തിൽ അല്ലാഹുവിന് മാത്രമാണ് യോജിച്ചത്. എല്ലാ മാന്യതകളുടേയും ഉറവിടമെന്ന് പറയപ്പെടുന്നത് അവനെ മാത്രമാണ്. അവൻ തന്നെയാണ്, തന്നെ വിശ്വ

സിക്കുന്നവർക്കും തന്റെ ദൂതനും ശക്തിയും ബലവും നല്കുന്നത്. അത് അവരുടെ വിജയത്തിന് കാരണമായിത്തീരുന്നു. അതുകൊണ്ട് ഈ വിജയിയും സകലശക്തിയുടേയും പ്രബലതയുടേയും അധികാരിയുമായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതുതന്നെ, ഒരു മനുഷ്യന് ശക്തിയും ബലവും നല്കുന്നു. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, വിശുദ്ധഖുർആനിൽ ഏകദേശം നൂറുസ്ഥലത്ത് വിവിധ വിഷയങ്ങളെക്കുറിച്ച് പറയുന്നിടത്ത് അല്ലാഹുവിന്റെ ഈ ഗുണനാമത്തെക്കുറിച്ച് പറയുന്നുണ്ട്.

ഇതുസംബന്ധിച്ച് ചില ഖുർആൻ വ്യാഖ്യാതാക്കൾ ചില ആയത്തുകൾക്ക് നല്കിയ വിശദീകരണവും ഞാൻ പറയാം. അപ്പോൾ കാര്യം കൂടുതൽ വ്യക്തമാകും.

അല്ലാമ ഫഖ്റുദ്ദീൻ റാസി ***അം ഇൻദഹും ഖസായിനു റഹ്മത്തി റബ്ബിക്കൽ അസീസിൽ വഹ്ഹാബ്*** (38:10) എന്നതിനെക്കുറിച്ച് എഴുതുന്നു. അസീസ് എന്ന ഗുണനാമം വിശദീകരിച്ചുകൊണ്ട്, നുബുവ്വത്തിന്റെ സ്ഥാനം, ഒരു മഹത്തായതും ഉന്നതവുമായ സ്ഥാനമാണെന്ന് പറഞ്ഞിരിക്കുന്നു. അത് നല്കാൻ, സർവ്വശക്തനായ അസ്തിത്വം അസീസ് ആയിരിക്കേണ്ടതാണ്. അതായത് പരിപൂർണ്ണമായും കഴിവുള്ള അസ്തിത്വം ആയിരിക്കണം. കൂടാതെ വഹ്ഹാബും ആയിരിക്കണം. അതായത്, ഒരുപാട് ദാനം നല്കുന്ന അസ്തിത്വം. അങ്ങനെയുള്ള സ്ഥാനത്ത് നിലകൊള്ളുന്നത് പരിശുദ്ധനായ അല്ലാഹു മാത്രമാണ്. കാരണം അല്ലാഹു മാത്രമാണ് പരിപൂർണ്ണശക്തവാനും പരിപൂർണ്ണസാന്നിധ്യവും. അതായത് ദാനശീലനും പൊറുക്കുന്നവനുമാണ്. ഈ വചനത്തിൽ പറഞ്ഞ അല്ലാഹുവിന്റെ ഗുണനാമമായ അസീസിനെ വിശദീകരിച്ചുകൊണ്ട് അല്ലാമറാസി പറയുന്നത് ഈ വചനത്തിന് മുകളിലുള്ള വചനത്തിൽ പറഞ്ഞിരിക്കുന്ന അവിശ്വാസിയുടെ ചോദ്യത്തിനുള്ള മറുപടിയാണ് ഇതെന്നാണ്. അവർ ചോദിച്ചു: ***അ ഉൻസില അലയ്ഹിദ്ദിക്റു മിൻ ബയ്നിനാ*** നമ്മുടെ ഇടയിൽനിന്ന് ഇവനാണോ ഉൽബോധനം ഇറക്കപ്പെട്ടത്? അതിനു മറുപടിയായി അല്ലാഹു പറയുന്നു: വിജയിയും പൊറുക്കുന്നവനുമായ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ ഈ അവിശ്വാസികളുടെ കൈയിലാണോ? അവർക്ക് ഇഷ്ടമുള്ളവർക്ക് കൊടുക്കാനും കൊടുക്കാതിരിക്കാനും അവർക്ക് കഴിയുമോ? ഇയാൾ ഞങ്ങളെപ്പോലുള്ളവനാണെന്ന് ആക്ഷേപിക്കുന്നു. ഇയാൾക്കെങ്ങനെ നുബുവ്വത്ത് കിട്ടാനാണ്. അല്ലാഹു പറയുന്നു, എന്റെ കാരുണ്യത്തിന്റെ ഖജനാവ് നിങ്ങളുടെ പക്കലല്ല. മറിച്ച്, പ്രതാപവാനും സർവ്വശക്തനുമാണ് ഞാൻ. ഞാനിഷ്ടപ്പെടുന്നവർക്കാണ് ഖജനാവുകൾ നല്കുന്നത്. നിങ്ങൾ എന്റെ സൃഷ്ടികളാണ്. നിങ്ങൾ എന്തിന്റെ പേരിലാണ് അഹങ്കരിക്കുന്നത്. അല്ലാഹു ആരെ യോഗ്യനെന്ന് കാണുന്നുവോ അവന് കാരുണ്യത്തിന്റെ ഖജനാവിൽനിന്ന് നല്കുന്നു. നല്ലനിലയിൽ നുബുവ്വത്തിന്റെ കടമ നിറവേറ്റിക്കൊണ്ട് തന്റെ സന്ദേശം എത്തിക്കുമെന്ന് കാണുന്നയാൾക്കാണ് നുബുവ്വത്തിന്റെ സമ്മാനം നല്കുന്നത്.

ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിലും ഈ ആക്ഷേപം ഉന്നയിക്കുന്നു. ക്രിസ്ത്യാനികളും മുസ്‌ലിംകളും ഈ ആക്ഷേപം ഉന്നയിക്കാറുണ്ട്. മുസ്‌ലിംകളിൽനിന്ന് വിശ്വസിക്കാത്ത അധികമാളുകളും ഈ ആക്ഷേപമാണ് ഉന്നയിക്കുന്നത്. ഒരു സാധാരണ മനുഷ്യനാണ് മസീഹും മഹ്ദിയുമെന്ന് വാദിക്കുന്നത്. ഇൽഹാമിന്റേയും നുബുവ്വത്തിന്റേയും സ്ഥാനം കരസ്ഥമാക്കിയെന്ന് പറയുന്നത്. മിർസാഗുലാം അഹ്മദ് ഖാദിയാനി എന്ന ഒരു സാധാരണക്കാരന് ഇതെങ്ങനെ ലഭിക്കാനാണ്. ഈ സാധാരണക്കാരനെയാണോ മസീഹും മഹ്ദിയുമാക്കാൻ അല്ലാഹുവിന് കിട്ടിയത്?

അങ്ങകലെയുള്ള പഞ്ചാബിലെ ഒരു ചെറിയ ഗ്രാമത്തിലെ ഒരാളെ എന്തുകൊണ്ടാണ് അല്ലാഹു മസീഹ് മഹ്ദിയാക്കിയതെന്ന് ഒരു ക്രിസ്ത്യൻ സ്ത്രീയും ജർമ്മനിയിൽ എന്നോട് ചോദിച്ചിരുന്നു. ഇതെങ്ങനെ സംഭവിച്ചു? കുഗ്രാമത്തിലുള്ള അദ്ദേഹത്തിന്റെ സന്ദേശം പുറത്തെങ്ങുമെത്തുമായിരുന്നില്ല. അക്കാലത്ത് ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല എന്നത് ശരിയാണ്. പക്ഷേ, നിങ്ങൾക്കുള്ള മറുപടി നിങ്ങളുടെ ചോദ്യത്തിൽതന്നെ വന്നിട്ടുണ്ടെന്ന് ഞാനവരോട് പറഞ്ഞു. അല്ലാഹു തന്റെ അനുഗ്രഹത്തിന്റെ ഖജനാവ് തുറന്നപ്പോൾ, ആ സന്ദേശം എത്തിക്കാനുള്ള ഏർപ്പാടും ഉണ്ടാക്കി. ഇന്ന് ജർമ്മനിയിലും നിങ്ങൾ അദ്ദേഹത്തിന്റെ സന്ദേശം കേൾക്കുന്നു. അതിവിടെ എത്തിക്കഴിഞ്ഞു. ലോകത്തിലെ 189 രാഷ്ട്രങ്ങളിൽ ആ ശബ്ദംഎത്തിക്കഴിഞ്ഞു. പ്രതാപവാനായ അല്ലാഹുവിൽനിന്ന് ആ മഹാത്മാവിന് ഈ സ്ഥാനം നല്കപ്പെട്ടിരിക്കുന്നുവെന്നതിനുള്ള വ്യക്തമായ തെളിവാണിത്. അവൻ എല്ലാത്തിന്റേയും അധികാരിയാണ്. അവൻ തന്റെ പ്രിയപ്പെട്ടവർക്ക് വിജയം നല്കി അനുഗ്രഹിക്കുന്നു. എന്നല്ല, അവനുമായി ബന്ധപ്പെട്ടുനില്ക്കുന്ന സത്യവിശ്വാസികളുടെ ജമാഅത്തിനോടും വിജയം നല്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

അറബികൾ ചോദിക്കുന്നത്, അറേബ്യൻ ദേശത്തിന് പുറത്ത് മസീഹ് മൗഊദ്(അ) വരുന്നതെങ്ങനെ എന്നാണ്. ഈ പഞ്ചാബി എങ്ങനെ മസീഹ് മൗഊദ് ആകുമെന്നാണ് മറ്റു രാജ്യങ്ങളിലെ മുസ്‌ലിംകൾ ചോദിക്കുന്നത്. ഇതിന് ഹദീസുകൾ അവർ തെളിവുകളായി ഉദ്ധരിക്കുന്നു. ഇന്ന അടയാളം പുലർന്നില്ല എന്നു പറയുന്നു. ബാഹ്യമായ വിശ്വാസത്തെയാണ് അവർ നോക്കുന്നത്. ഹദീസുകളിൽ വിവരിച്ചിട്ടുള്ള പ്രവചനങ്ങളിൽ ചിന്തിക്കുന്നില്ല. അതുകൊണ്ടാണ് അല്ലാഹു കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷം, മുൻകഴിഞ്ഞ നബി

മാരോടും ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചിരുന്നു, നബി(സ) തിരുമേനിയോടും ഇത് ചോദിച്ചിരുന്നുവെന്ന് പറഞ്ഞിട്ടുള്ളത്. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി നിയോഗിതനാകുമ്പോൾ അദ്ദേഹത്തിനോടും ഈ ചോദ്യം ആവർത്തിക്കപ്പെടണമായിരുന്നു. അതുകൊണ്ട് മുസ്‌ലിംകളെ ജാഗ്രതപ്പെടുത്തുന്നതിനായി അല്ലാഹു പറഞ്ഞു, ഞാൻ പ്രതാപവാനാണ്. ഞാൻ അനുഗ്രഹദാതാവാണ്. വിശുദ്ധഖുർആൻ വായിക്കുന്ന നിങ്ങൾ ഈ ആയത്തിൽ ചിന്തിക്കുക. കാരുണ്യത്തിന്റെ ഖജനാവുകളുടെ അധികാരിയും ഞാൻ തന്നെയാണ്; നിങ്ങളല്ല. ഒരാളെ മഹ്ദീ മസീഹ് ആക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ മഹ്ദീ മസീഹാക്കി അയച്ചു. വിശുദ്ധഖുർആനിലും ഞാൻ പറഞ്ഞതുപോലെ, അവസരം വന്നാൽ നിങ്ങൾ ചിന്തിക്കണമെന്ന് പറഞ്ഞു; നിങ്ങൾ വഞ്ചിതരാകാതിരിക്കാൻ. അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധി നല്കുമാറാകട്ടെ. അവർ ഈ സന്ദേശത്തെ മനസ്സിലാക്കുന്നവരായിത്തീരട്ടെ. ആരിലാണോ കാരുണ്യം ഇറക്കുന്നത്, ആർക്കാണോ സർവ്വതും നല്കിയനുഗ്രഹിക്കുന്നത്, അയാളെ സഹായിക്കുമെന്നും അല്ലാഹു പറഞ്ഞു. സഹായിക്കും, വിജയം നല്കും എന്ന വിളംബരവും അസീസ് എന്ന ഗുണനാമത്തിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളത്. അവൻ പറഞ്ഞു:

***കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ. ഇന്നല്ലാഹ ഖവിയ്യുൻ അസീസ്***. ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു (58:22).

ഇമാം ഫഖ്റുദ്ദീൻ റാസി ഈ വചനത്തിന് നല്കിയ വിശദീകരണത്തിൽ പറയുന്നു, എല്ലാ ദൂതന്മാരുടേയും വിജയം തെളിവും പ്രമാണങ്ങളുംകൊണ്ട് ബന്ധപ്പെട്ടിരിക്കുന്നു; അവരിൽ ചിലയാളുകൾ തെളിവുകൊണ്ടുള്ള വിജയത്തോടൊപ്പം വാൾകൊണ്ടുള്ള വിജയവും നേടി. പക്ഷേ, ചില നബിമാരുടെ അവസ്ഥ ഇതായിരുന്നില്ല. ഇതിനുശേഷം 'ഖവിയ്യ്' എന്നതിനെക്കുറിച്ച് പറഞ്ഞു. അല്ലാഹു തന്റെ നബിമാരെ സഹായിക്കുന്നതിന് കഴിവുള്ളവനാണ്. അവൻ അസീസ് അഥവാ വിജയിയാണ്. അവന്റെ ഉദ്ദേശ്യത്തിൽനിന്ന് അവനെ തടയാൻ ആർക്കും സാധ്യമല്ല. കാരണം അവനല്ലാത്തതെല്ലാം എന്തിനെയെങ്കിലും ആശ്രയിച്ചുനില്ക്കുന്നതാണ്. അവൻ മറ്റൊന്നിനേയും ആശ്രയിക്കാത്തവനാണ്. അതായത് മറ്റുള്ളതെല്ലാം സൃഷ്ടിയാണ്. അല്ലാഹു ആദ്യനും അനന്തനുമാണ്. ഒന്നിനേയും ആശ്രയിക്കാത്തവൻ, എല്ലാത്തിനേയും ആശ്രയിക്കുന്നവന്റെ മേൽ വിജയം വരിക്കുന്നു.

റൂഹുൽ മആനിയിൽ എഴുതിയിരിക്കുന്നു. ***കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ്***. അല്ലാമ അബുൽഫള്ൽ ശഹാബുദ്ദീൻ ആലൂസി എഴുതുന്നു: ***ലഅഗ്‌ലിബന്ന അന വറുസുലീ*** അതായത്, തെളിവും, വാളും അല്ലെങ്കിൽ അതുപോലുള്ള മറ്റെന്തെങ്കിലും കൊണ്ട് അവരിൽനിന്നുള്ള ആരുടെയെങ്കിലുംമേൽ വിജയം വരിക്കും.

അല്ലാഹുവിന്റെ ദൂതന്മാർക്ക് വിജയമുണ്ടാകുകയും, അവരുടെ കാലഘട്ടത്തിൽ അവരുടെ സത്യത സ്ഥാപിതമാകുകയും അല്ലാഹു അവരുടെ എതിരാളികളെ വിവിധതരം നാശമിറക്കി നശിപ്പിക്കുകയും ചെയ്യുന്നു. നൂഹിന്റെ ജനതയേയും സ്വാലിഹിന്റെ ജനതയേയും ലൂത്തിന്റെ ജനതയേയും നശിപ്പിച്ചതുപോലെ, നമ്മുടെ നബി(സ)യുടെ എതിരാളികളെ യുദ്ധം മുഖേന നശിപ്പിച്ചു. ഈ യുദ്ധങ്ങളുടെ ഫലം ചിലപ്പോൾ വെള്ളത്തൊട്ടിപോലെ കയറിയും ഇറങ്ങിയും നിന്നെങ്കിലും അവസാനം, നബി(സ) തിരുമേനിക്കുതന്നെ വിജയം ലഭിച്ചു. ഇപ്രകാരം ആ മഹാത്മാവിന്റെ പിന്തുടർച്ചക്കാരോടും ഇതേ പെരുമാറ്റമാണുണ്ടായിട്ടുള്ളത്. പക്ഷേ, ഒരു നിബന്ധനയോടെ അതായത്, അവരുടെ കപ്പൽ ദൈവദൂതന്മാരുടെ കപ്പൽപോലെ അല്ലാഹുവിനുവേണ്ടി മാത്രമുള്ളതായിരിക്കണം. രാജ്യത്തിനും ഭരണത്തിനും ഭൗതികമായ നേട്ടത്തിനും വേണ്ടിയായിരിക്കരുത് അത്. അത്തരം യോദ്ധാക്കൾ വിജയം വരിക്കുന്നതായിരിക്കും; എങ്കിലും ചില വ്യാഖ്യാതാക്കൾ തെളിവുകൾകൊണ്ടുള്ള വിജയം മാത്രമാണിതെന്ന് പറഞ്ഞിട്ടുണ്ട്.

ജിഹാദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞിരിക്കുന്നത് കാണുമ്പോൾ അത് ഇന്ന് വാൾകൊണ്ട് ജിഹാദ് ചെയ്യുന്നവരിൽ യോജിച്ചുകാണുന്നില്ല. അതുകൊണ്ട് വിജയവും കിട്ടുന്നില്ല. അല്ലാഹുവിന്റെ ഗുണനാമമായ ഖവിയ്യ്, അസീസ് എന്നതിൽ ഒരു കുറവും ഉണ്ടായിട്ടില്ല. ഇതിൽനിന്ന് മുസ്‌ലിംകളുടെ കർമ്മങ്ങളിൽ കുറവ് വന്നിരിക്കുന്നുവെന്നത് വ്യക്തമാണ്. ഉദ്ദേശ്യലക്ഷ്യങ്ങളിൽ വിള്ളലുകൾ വീണിരിക്കുന്നു. അതുകൊണ്ട് ഫലം ചേർന്നുവരുന്നില്ല. അബൂ മുഹമ്മദ് അബ്ദുല്ലാഹ് ഖുർത്വബി ഇതും എഴുതിയിരിക്കുന്നു, 'അല്ലാഹു ചിലയാളുകളെ തെളിവുകളോടുകൂടി അയച്ചു. അവർ തെളിവുകൾകൊണ്ട് വിജയം നേടി.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമാണിത്. ഈ കാലഘട്ടം തെളിവുകൾ കൊണ്ടുള്ള യുദ്ധത്തിന്റെ കാലഘട്ടമാണ്. മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്ത് തെളിവുകളും പ്രമാണങ്ങളും കൊണ്ട് ഇന്ന് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. അത് അല്ലാഹു തന്റെ പ്രിയപ്പെട്ടവന് നല്കി അനുഗ്രഹിച്ചതാണ്. ലോകത്തിന്റെ അറ്റങ്ങളോളം ആളുകൾ ആ കേന്ദ്രത്തിലേക്ക് മെല്ലെ മെല്ലെ സംഘടിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് തെളിവുകളുടെ വാൾ നല്കപ്പെട്ടിരിക്കുന്നു. അവർ ഇസ്‌ലാമിന്റെ പ്രത്യേകതകൾ, ഹൃദയാകർഷകമായ

നിലയിൽ ജനങ്ങൾക്ക് വിവരിച്ചു കൊടുക്കുന്നു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഇൽഹാമിലൂടെ പറഞ്ഞു: ***കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ, വല്ലാഹുഗാലിബുൻ അലാ അംരിഹീ വലാക്കിന്ന അക്ഥറന്നാസി ലാ യഅ്‌ലമൂൻ***. ഞാനും എന്റെ ദൂതന്മാരും വിജയിക്കുമെന്ന് അല്ലാഹു ആദ്യമേതന്നെ എഴുതി രേഖപ്പെടുത്തിയിരിക്കുന്നു. അതായത്, എന്തെങ്കിലും പോരാട്ടം നടത്തേണ്ടിവന്നാൽ, അല്ലാഹുവിൽനിന്നുള്ളവർ പരാജിതരാകുകയില്ല. അല്ലാഹു തന്റെ തീരുമാനത്തിൽ വിജയിയാണ്. എന്നാൽ, അധികമാളുകളും കാര്യം മനസ്സിലാക്കുന്നില്ല. പിന്നീട്, ഈ ഇൽഹാമും ഉണ്ടായി. ***ഇന്നഹു ഖവിയ്യുൻ അസീസ്***. അവൻ പ്രബലനും വിജയിയുമാണ്. പക്ഷേ, ഞാൻ മുമ്പേ പറഞ്ഞതുപോലെ, ഈ വിജയം വാൾകൊണ്ടുള്ള യുദ്ധമോ കൊലയോ കൊണ്ടുണ്ടാകുകയില്ല. മറിച്ച്, തെളിവുകൾ കൊണ്ടുള്ള ജിഹാദായിരിക്കും. ഇൻശാഅല്ലാഹ് ഇതിലൂടെ വിജയം ലഭിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു:

***കതബല്ലാഹു ല അഗ്‌ലിബന്ന അന വറുസുലീ***, അതായത് അല്ലാഹു ആരംഭത്തിലേ വിധിയെഴുതിയിരിക്കുന്നു, അത് തന്റെ നിയമവും നടപടിക്രമവുമായിട്ട് നിശ്ചയിച്ചിരിക്കുന്നു, അവനും അവന്റെ റസൂലും എപ്പോഴും വിജയിക്കുമെന്ന്. അതുകൊണ്ട് ഞാൻ അവന്റെ റസൂൽ അതായത് സന്ദേശവാഹകൻ ആകുന്നു. എനിക്ക് പുതിയ ശരീഅത്തോ, പുതിയ വാദമോ, പുതിയപേരോ ഒന്നുമില്ല. പ്രത്യുത, നബികരീം ഖാത്തമുന്നബിയീന്റെ നാമം പ്രാപിച്ച്(സ) ആ മഹാത്മാവിൽ ആയിക്കൊണ്ട് ആ മഹാത്മാവിന്റെ പ്രതീകമായിക്കൊണ്ട് വന്നിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ആദമിന്റെ കാലം മുതൽ നബി(സ) തിരുമേനി വരെ, ഈ ആയത്തിന്റെ ഉള്ളടക്കം സത്യമായി പുലർന്നുവന്നിട്ടുണ്ട്. ഇനി എനിക്കുവേണ്ടിയും അത് സത്യമായിത്തന്നെ പുലരുന്നതാണ്. ഇവർ കാണുന്നില്ലേ? ഈ മൗലവിമാരും ഇവരുടെ ശിങ്കിടികളും എനിക്കെതിരിൽ ചീത്തപറയാനും എന്റെ മേൽ കളവിന്റെ ആരോപണം ഉന്നയിച്ച് ആക്രമിക്കാനും തുടങ്ങിയ കാലത്ത്, എനിക്ക് ഒരു അനുയായിയും ഉണ്ടായിരുന്നില്ല. അംഗുലിപരിമിതമായി ചില സുഹൃത്തുക്കൾ മാത്രമെ എന്നോടൊപ്പമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്ത് ചെയ്തിട്ടുള്ളവരുടെ സംഖ്യ എഴുപതിനായിരത്തിന്നടുത്തെത്തിയിരിക്കുന്നു. പറയുന്നു: ഇതെന്റെ ശ്രമമൊന്നുമല്ല. മറിച്ച്, ആകാശത്തിൽനിന്നടിച്ച കാറ്റിന്റെ ഫലമായി ആളുകൾ എന്നിലേക്കോടി. ഇനി ഈ ആളുകൾ സ്വയം ചിന്തിക്കട്ടെ, ഈ ജമാഅത്തിനെ നശിപ്പിക്കാൻ അവർ എത്രമാത്രം ശക്തമായി ആഞ്ഞടിച്ചു. എല്ലാത്തരം തന്ത്രങ്ങളും പ്രയോഗിച്ചു. ഭരണകർത്താക്കളെ കളവ് പറഞ്ഞ് തെറ്റുധരിപ്പിച്ചു. എനിക്കെതിരെ കൊലപാതകക്കുറ്റം ചുമത്തി കള്ളക്കേസ് കൊടുത്തു. മുസ്‌ലിംകളെ എനിക്കെതിരിൽ ഇളക്കിവിട്ടു. ആയിരക്കണക്കിന് നോട്ടീസുകളും ലഘുലേഖകളും ഫത്‌വകളും എനിക്കെതിരെ എഴുതി പ്രസിദ്ധീകരിച്ചു. എനിക്കെതിരിൽ പ്രവർത്തിക്കുന്നതിന് സംഘടനകൾ രൂപീകരിച്ചു. പക്ഷേ, ഇതെല്ലാത്തിന്റേയും ഫലം പരാജയമല്ലാതെ മറ്റെന്തെങ്കിലും ഉണ്ടായോ? എന്റെ ഈ പ്രവർത്തനങ്ങളെല്ലാം മനുഷ്യനിർമ്മിതമായിരുന്നെങ്കിൽ, തീർച്ചയായും അവരുടെ പരിശ്രമംകൊണ്ട് ഈ ജമാഅത്ത് മുഴുവൻ നശിച്ചുപോകുമായിരുന്നു. ഇത്രമാത്രം പ്രചാരണം ഏതെങ്കിലും കള്ള പ്രവാചകന്നെതിരിൽ നടത്തിയിട്ടുള്ളതായി ആർക്കെങ്കിലും തെളിവ് നല്കാൻ പറ്റുമോ? എന്നിട്ട് അവർ നശിക്കാതിരുന്ന ചരിത്രം കാണിച്ചുതരാമോ? അവർ തങ്ങളുടെ പ്രവർത്തനങ്ങളിൽ ആദ്യത്തേക്കാൾ അഭിവൃദ്ധിപ്പെട്ടതായി തെളിവ് നല്കാമോ? ഇത് മഹത്തായ അടയാളമല്ലേ? വിതയ്ക്കപ്പെട്ട വിത്ത് നശിപ്പിക്കാൻ വേണ്ടി കഠിന പരിശ്രമങ്ങൾ നടന്നു. ഭൂമിയ്ക്ക് മുകളിൽ അതിന്റെ അടയാളംപോലും ഉണ്ടാകരുതെന്ന നിലയിൽ പ്രവർത്തിച്ചു. എന്നാൽ, ആ വിത്ത് മുളച്ചു, പുഷ്പിച്ചു, ഒരു വൻമരമായിതീർന്നു. അതിന്റെ ശാഖകൾ ദൂരദൂരംവരെ എത്തി. ഇപ്പോൾ ആ മരം എത്രമാത്രം വളർന്നു വെന്നുവെച്ചാൽ, ആയിരക്കണക്കിന് പക്ഷികൾ അതിൽ ചേക്കേറുന്നു."

ഇന്ന് 190 ഓളം രാജ്യങ്ങളിൽ ജമാഅത്ത് പരന്നു കഴിഞ്ഞു. അംഗസംഖ്യയിലും വർദ്ധനവുണ്ടാകുന്നു. ഇതെല്ലാം ആ പരമകാരുണികനായ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചുതന്നെയാണ്. അല്ലാഹു ആരുടെ മേൽ തന്റെ അനുഗ്രഹം ചൊരിയുന്നുവോ അവർക്ക് വിജയവും നല്കുന്നു. അതിനാൽ, ഒരു സാധാരണക്കാരനെങ്ങനെ ഈ സ്ഥാനം കിട്ടിയെന്ന് ചോദിച്ച് ആക്ഷേപിക്കുന്നതിനു പകരം, അല്ലാഹുവിന്റെ വിധിയിൽ മുസ്‌ലിംകൾ ചിന്തിക്കേണ്ടതാണ്. നമ്മൾ ഈ സന്ദേശം എത്തിച്ചുകൊടുക്കുന്നതിനായി ശ്രമിക്കേണ്ടതാണ്. അത് നമ്മുടെ നിർബന്ധകടമയുമാണ്.

മറ്റൊരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിനോടുള്ള ഭയം ഉണ്ടെങ്കിൽ, എന്നോടുള്ള നിങ്ങളുടെ പോരാട്ടം തഖ്‌വയിൽനിന്ന് അകന്നുകൊണ്ടുള്ളതാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. കാരണം നിങ്ങളിലുള്ള തെളിവുകൾ കറ്റുകെട്ടി ഉണ്ടാക്കിയതും, ബലഹീനവും, നിങ്ങൾക്ക് അർത്ഥം മനസ്സിലാകാത്ത ചില ഹദീസുകളുമാണ്. എന്നാൽ, നിങ്ങൾക്കെതിരിൽ എന്റെ വാദം, ***അലാ വജ്ഹിൽ ബസ്വീറത്താ***ണ്. ഹദ്റത്ത് ഈസാ(അ) മരിച്ചുപോയിരിക്കുന്നുവെന്ന് ഏതൊരു ഇൽഹാമിലൂടെ എനിക്കറിയപ്പെട്ടുവോ, വരേണ്ട മസീഹ് മൗഊദ് ഈ വിനീതനാണെന്ന് അറിയിക്കപ്പെട്ടുവോ ആ ഇൽഹാമിനെ, ഖുർആനിൽ വിശ്വസിക്കുന്നതുപോലെ ഞാൻ വിശ്വസിക്കു

ന്നു. സൂര്യനെപ്പോലെ എന്നിൽ തിളങ്ങിയ ഈ ഈമാൻ വെറുതെയങ്ങു വന്നതല്ല, പ്രത്യുത ദൈവികമായ വഹ്‌യുടെ വെളിച്ചത്തിൽ അത് എനിക്ക് നല്കപ്പെട്ടതാണ്.

ഈ ദൃഢവിശ്വാസത്തെ അമാനുഷികമായ അടയാളങ്ങളാൽ, ദൈവജ്ഞാനപരമായ ആധികൃത്താൽ നിത്യവും സംസാരത്തിലൂടെയും സംബോധനയിലൂടെയും അതിന്റെ പാരമ്യതയിലെത്തിച്ചു. അതിനെ ഞാൻ എങ്ങനെയാണ് എന്റെ മനസ്സിൽനിന്ന് പുറത്തേക്ക് എറിയുന്നത്. എന്ത്! എനിക്ക് നല്കപ്പെട്ട ആ സത്യസമ്പൂർണ്ണമായ ഈശ്വരീയജ്ഞാനത്തെ ഞാൻ നിഷേധിക്കണമെന്നോ? എനിക്ക് കാണിക്കപ്പെട്ട ആ ദൈവികാടയാളങ്ങളിൽനിന്ന് മുഖം തിരിക്കണമെന്നോ? എന്റെ യജമാനനേയും അധികാരിയേയും ധിക്കരിക്കണമെന്നോ? എന്തു ചെയ്യാനാണ്. സൗന്ദര്യത്തോടും ഭംഗിയോടും കൂടി എനിക്ക് വെളിപ്പെട്ട അവനെ ധിക്കരിക്കുന്ന അവസ്ഥയേക്കാൾ, ആയിരം പ്രാവശ്യം മരിക്കുന്നതാണ് എനിക്ക് നല്ലത്. ഈ ഭൗതികജീവിതം എത്ര കാലമാണ്. ഈ ലോകത്തുള്ളവർ എന്നോട് എന്ത് കൂറു കാണിക്കാനാണ്; ഞാൻ ഈ പ്രിയപ്പെട്ടവനെ ഉപേക്ഷിക്കാൻ. എനിക്ക് നല്ലവണ്ണം അറിയാം. എന്റെ എതിരാളികളുടെ കൈയിലുള്ളത് കാമ്പില്ലാത്ത പുറന്തോട് മാത്രമാണ്. അതിനെ ചിതൽ തിന്നിരിക്കുന്നു. അവരാണ് എന്നോട് പറയുന്നത്, കാമ്പിനെ ഉപേക്ഷിക്കാൻ. അവരുടെ കൈയിലുള്ള പുറന്തോടിനെ ഞാനും സ്വീകരിക്കണമത്രെ! എന്നെ ഭയപ്പെടുത്തുന്നു. ഭീഷണിപ്പെടുത്തുന്നു. പക്ഷേ, ഞാൻ തിരിച്ചറിഞ്ഞ ആ പ്രതാപവാനാണ! ഞാൻ ഇവരുടെ ഭീഷണിയെ വയവയ്ക്കുന്നതേയില്ല. മറ്റുള്ളവരോടൊപ്പം ചേർന്ന് ഇങ്ങനെ സന്തോഷിക്കുന്നതിനേക്കാൾ ഉത്തമം ദുഃഖമാണ് എനിക്ക് നല്ലത്. അവനെ ഉപേക്ഷിച്ചുകൊണ്ട് ദീർഘായുഷ്മാൻ ആയിരിക്കുന്നതിനേക്കാൾ ഉത്തമം എനിക്ക് മരണമാണ്. നിങ്ങൾ പകലിനെ കണ്ടുകൊണ്ട്, അത് രാത്രിയാണെന്ന് സമ്മതിക്കാത്തതുപോലെ എനിക്ക് കാണിക്കപ്പെട്ട ആ പ്രകാശത്തെ, അന്ധകാരമന്ന് കരുതാൻ എനിക്ക് സാധ്യമല്ല. നിങ്ങൾ നിങ്ങളുടെ വിശ്വാസാദർശങ്ങളെ ഉപേക്ഷിക്കാത്തതുപോലെ, അതാണെങ്കിൽ വെറും സന്ദേഹങ്ങളുടേയും സംശയങ്ങളുടേയും സമുച്ചയമാണുതാനും, ഞാനെങ്ങനെയാണ് ആയിരക്കണക്കിന് സൂര്യന്റെ തിളക്കമുള്ള ഈ വഴിയെ ഉപേക്ഷിക്കുന്നത്. വെട്ടിത്തിളങ്ങുന്ന അടയാളങ്ങളോടുകൂടി എന്റെ സത്യം അല്ലാഹു വെളിപ്പെടുത്തിയിരിക്കെ ഞാനെങ്ങനെയാണ് ഭ്രാന്തനോ മാനസികരോഗിയോ ആകുന്നത്? എന്നിട്ടും ഞാൻ സത്യം സ്വീകരിക്കണ്ടെന്നോ? ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു. എന്റെ സമാധാനത്തിനായി ആയിരക്കണക്കിന് അടയാളങ്ങൾ എന്നിൽ വെളിപ്പെട്ടു. അതിൽ ചിലത് ഞാൻ ജനങ്ങളോട് പറഞ്ഞു. ചിലത് പറഞ്ഞിട്ടുമില്ല. ഈ അടയാളം അല്ലാഹുവിൽനിന്നുള്ളതാണെന്ന് ഞാൻ കണ്ടു. ആ ഏകനായ അല്ലാഹുവിന്നല്ലാതെ മറ്റാർക്കും അത് കാണിക്കാൻ സാധ്യമല്ല. ഇതിനു പുറമെ എനിക്ക് ഖുർആനിക ജ്ഞാനവും നല്കപ്പെട്ടു. ഹദീഥുകളുടെ ശരിയായ പൊരുൾ എനിക്ക് ഇറക്കപ്പെട്ടു. എന്നിട്ടും അത്തരം വെളിച്ചം കടക്കുന്ന ജനൽ ഉപേക്ഷിച്ച് നാശത്തിന്റെ മാർഗ്ഗം സ്വീകരിക്കണമെന്നോ? ഞാൻ പറയുന്നതെല്ലാം ഉൾക്കാഴ്ചയോടുകൂടിയാണ്. നിങ്ങൾ പറയുന്നത് വെറും ഊഹമാണ്. ***ഇന്ന ളന്ന ലായുഗ്‌നി മിനൽ ഹഖ്‌ഖി ശയ്ആ*** ഇത് കയറ്റവും ഇറക്കവുമുള്ള സ്ഥലത്തൂടെ അന്ധൻ നടക്കുന്നതുപോലെയാണ്. എവിടെയാണ് കാല് പതിയുന്നതെന്ന് അയാൾക്കറിയില്ല. അതുകൊണ്ട്, എനിക്ക് നല്കപ്പെട്ടിരിക്കുന്ന ഈ വെളിച്ചം ഉപേക്ഷിച്ചുകൊണ്ട് അന്ധകാരത്തെ ഞാൻ എടുക്കണമെന്നോ? അല്ലാഹു എന്റെ ദുആ സ്വീകരിക്കുന്നത് ഞാൻ കാണുന്നു. വലിയ വലിയ അടയാളം എനിക്കു വേണ്ടി വെളിപ്പെടുത്തുന്നു. എന്നോട് സംസാരിക്കുന്നു. അന്യരുടെ ചലനങ്ങളെക്കുറിച്ച് എന്നെ അറിയിക്കുന്നു. ശത്രുക്കൾക്കെതിരിൽ, തന്റെ ശക്തമായ കരങ്ങളാൽ അവൻ എന്നെ സഹായിക്കുന്നു. എന്റെ മൈതാനത്ത് എനിക്ക് വിജയം നല്കുന്നു. വിശുദ്ധഖുർആനിലെ ജ്ഞാനങ്ങൾ എനിക്ക് പറഞ്ഞുതരുന്നു. അത്തരം സർവ്വശക്തനും വിജയിയുമായ അല്ലാഹുവിനെ വിട്ടുകൊണ്ട് ആരെയാണ് ഞാൻ സ്വീകരിക്കേണ്ടത്. എനിക്ക് തന്റെ ജ്യോതിസ്സ് വെളിപ്പെടുത്തിയ ആ അല്ലാഹു തന്നെയാണ് യഥാർത്ഥ അല്ലാഹുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. തന്നെക്കുറിച്ചും തന്റെ പ്രവൃത്തിയെക്കുറിച്ചും അവൻ എന്നെ അറിയിച്ചു. ഞാൻ അവനിൽ കാണുന്ന എല്ലാ ശക്തികളും, എന്നിൽ വെളിവാക്കുന്ന അദൃശ്യമായ അറിവുകളും, ഭയാനകമായ അവസരങ്ങളിൽ ഞാൻ കാണുന്ന അവന്റെ സഹായഹസ്തങ്ങളും, ആ തികവാർന്ന അല്ലാഹുവിന്റെ സവിശേഷഗുണങ്ങളാണ്. അവനാണ് ആദമിനെ സൃഷ്ടിച്ചത്, നൂഹിന് വെളിപ്പെട്ടതും അവൻതന്നെ. വെള്ളപ്പൊക്കത്തിലൂടെ അത്ഭുതദൃഷ്ടാന്തങ്ങളും കാണിച്ചു. ഫിർഔൻ നശിപ്പിക്കാൻ പോയപ്പോൾ മൂസായെ സഹായിച്ചതും അവൻതന്നെ. സയ്യിദുർറുസുലായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ കാഫിരീങ്ങളുടേയും മുശ്‌രിക്കീങ്ങളുടേയും ഗൂഢപദ്ധതികളിൽനിന്നും രക്ഷിച്ച് പൂർണ്ണമായ വിജയം നല്കിയതും അവൻതന്നെ. അവൻതന്നെ ഈ അവസാനകാലത്ത് എന്നിലും വെളിപ്പെട്ടു.

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അസീസായ അല്ലാഹുവിന്റെ പെരുമാറ്റം. ഈ വിളംബരത്തിനുശേഷം ആ മഹാത്മാവ് എതിരാളികളെ സംബോധന ചെയ്യുകയും തന്നെ നേരിടാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എതിരാളികളുടെ ഒരു പദ്ധതിയും ആ മഹാത്മാവിന് ഒരു ക്ഷതവും ഏല്പിച്ചില്ല. കാരണം സത്യവാനായ അല്ലാഹുവിന്റെ വാഗ്ദാനം ആ

മഹാത്മാവിന്നുണ്ടായിരുന്നു. അവൻ തന്റെ അനുഗ്രഹം കൊണ്ട് പാരിതോഷികങ്ങൾ നല്കുന്നവനാണ്. സൽഫലവും ഉളവാക്കുന്നവനാണ്. താൻ ശക്തനും പ്രബലനുമാണെന്നതിന് തെളിവും നല്കുന്നു.

ഇന്ന് ലോകത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധി, ഈ കാര്യങ്ങളുടെയെല്ലാം വ്യക്തമായ തെളിവാണ്. പക്ഷേ, എതിരാളികൾ മുമ്പേയും നബിമാരുടെ ജമാഅത്തിന് നഷ്ടം വരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവസരം കിട്ടുമ്പോഴൊക്കെ അഹ്മദികൾക്ക് നഷ്ടമുണ്ടാക്കാൻ ശ്രമിക്കുന്നു. വിവിധ സ്ഥലങ്ങളിൽ പീഡനങ്ങളും ദ്രോഹങ്ങളും ഒന്നും ഒറ്റയും ശഹാദത്തും നടക്കുന്നതായി കാണുന്നു. പക്ഷേ, ഇന്നേവരെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സത്യസന്ധമായി പിന്തുടരുന്നവർക്ക് ഈ ഭീഷണിക്കും ഈ അക്രമങ്ങൾക്കും ഒരു നഷ്ടവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അവരുടെ ഈമാന് ഒരിക്കലും ഇളക്കം തട്ടിയിട്ടില്ല.

നമ്മുടെ ജോലി ഈമാൻ ശക്തിപ്പെടുത്തുന്നതിനും ഇതിൽ ഉറച്ചുനില്ക്കുന്നതിനും വേണ്ടി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും, ആ അനുഗ്രഹങ്ങളിൽ നിന്നുള്ള രക്ഷയും വിജയവും കാണുന്നതിനായി ശക്തവാനായ അല്ലാഹുവിനെ വിളിക്കുകയും ചെയ്യുക എന്നതാണ്. തന്റെ നബിമാരോട് ചെയ്ത വാഗ്ദാനം എപ്പോഴും പുലർത്തി കാണിച്ചിട്ടുള്ളവനാണ് അവൻ. സത്യവാന്മാരായ സത്യവിശ്വാസികളോടും ഈ വാഗ്ദാനം അവൻ ചെയ്തിട്ടുണ്ട്. അവർക്കും അവൻ വിജയം നല്കും. അവൻ ഇന്നും തന്റെ വാഗ്ദാനം പൂർത്തിയാക്കി വിജയം നല്കി കാണിക്കും, കാണിച്ചുകൊണ്ടിരിക്കുന്നു. നാം എപ്പോഴും ഓർക്കണം, നമ്മുടെ വിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ)യുമായി ബന്ധപ്പെട്ടിരിക്കുന്നതിലൂടെയാണ് വിധിക്കപ്പെട്ടിരിക്കുന്നത്. കാലത്തിന്റെ ഇമാമിനോടൊപ്പം ഇരിക്കുന്നതുകൊണ്ടുമാത്രമേ എല്ലാ അന്തസ്സും ലഭിക്കുകയുള്ളൂ. കാരണം ഇദ്ദേഹം നബി(സ) തിരുമേനിയുടേയും സത്യസന്ധനായ ദാസനാണ്. ഇദ്ദേഹത്തോടൊപ്പം ബന്ധം വയ്ക്കുക എന്നു പറയുന്നത് നബി(സ) തിരുമേനിയോട് ബന്ധം വയ്ക്കുക എന്നതാണ്.

ഈ മസീഹ് മഹ്ദിയോടൊപ്പമുള്ള യഥാർത്ഥമായ ബന്ധമാണ് നമ്മെ ഉയർച്ചയിലേക്ക് കൊണ്ടുപോകുന്നത്. ഞാൻ പറഞ്ഞതുപോലെ ഇന്ന് ചില സ്ഥലത്ത് അഹ്മദികളുടെമേൽ അക്രമം നടന്നുവരുന്നുണ്ട്. ചില സ്ഥലങ്ങളിൽ ദ്രോഹത്തിന്റെ ചക്കിലിട്ട് അവരെ ആട്ടിക്കൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ അവരെ ശഹീദാക്കുകയാണ്. ഈ ത്യാഗങ്ങളാണ് അവരുടെ സ്ഥാനമുയർത്തുന്നതെന്ന് അത്തരം അഹ്മദികൾ എപ്പോഴും ഓർക്കേണ്ടതാണ്. ശത്രുക്കളുടെ ഗൂഢപദ്ധതികൾ നശിച്ചൊടുങ്ങിപ്പോകുന്നതാണ്. അവസാനം അവരും ഈ ലോകത്ത് അല്ലാഹുവിന്റെ മസീഹ് വിജയിക്കുന്നത് കണ്ട് നിന്ദ്യരായിത്തീരും. എന്നുമാത്രമല്ല, അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുകയും അടുത്തലോകത്തും നാശങ്ങൾ കാണുകയും ചെയ്യും.

നമ്മുടെ ജോലി കഴിവിന്റെ പരമാവധി അത്തരം അക്രമികളുടെ പിടിയിൽനിന്ന് സാധാരണക്കാരായ ആളുകളെ രക്ഷിക്കാൻ ശ്രമിക്കുക എന്നതാണ്. സർവ്വശക്തനും പ്രതാപവാനുമായ അല്ലാഹുവിന്റെ അഭയത്തിലേക്ക് അവരെ കൊണ്ടുവരാൻ പരിശ്രമിക്കുക. അവർ തെറ്റുധാരണയാൽ ഇക്കൂട്ടരുടെ വലയിൽ കുടുങ്ങിക്കിടക്കുന്നവരാണ്. അവരെ ആ വലയിൽനിന്ന് മോചിപ്പിച്ച് സർവ്വശക്തനും പ്രതാപവാനുമായ അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കാൻ സഹായിക്കേണ്ടതാണ്. അവൻ തന്നെയാണ് അന്തസ്സും വിജയവും നല്കുന്നവൻ. അവനുമായി ബന്ധം സ്ഥാപിക്കാതെ മോക്ഷത്തിനുള്ള മറ്റു മാർഗ്ഗമൊന്നുമില്ല. നമ്മുടെ കടമകൾ പൂർണ്ണമായും നിറവേറ്റാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പാക്കിസ്ഥാനുവേണ്ടിയും ഞാൻ ദുആയ്ക്ക് പറയാനാഗ്രഹിക്കുന്നു. രാഷ്ട്രീയക്കാർ തങ്ങളുടെ രാഷ്ട്രീയം തിളക്കമുള്ളതാക്കാനും വ്യാജഅന്തസ്സിനും വേണ്ടി മുഴുവൻ ജനതയേയും രാഷ്ട്രത്തെത്തന്നെയും അപകടത്തിലാക്കിയിരിക്കുന്നു. അല്ലാഹു അവർക്കും ബുദ്ധി നല്കുമാറാകട്ടെ. രാഷ്ട്രീയം കളിക്കുന്നതിനു പകരം ജനങ്ങളോട് സഹാനുഭൂതിയും കാരുണ്യവും അവരുടെയുള്ളിൽ പൊന്തിവരട്ടെ. അവരും ജനതയുടെമേൽ ദയ കാണിക്കുന്നവരായിത്തീരട്ടെ. നിസ്സാര കാരണത്താൽ നൂറുക്കണക്കിന് ആളുകളെയാണ് അവർ കൊല്ലിക്കുന്നത്. ഇന്നലേയും ഒരു ജാഥയിൽ ഭയാനകമായ ഒരു സ്ഫോടനമുണ്ടായി. നൂറുക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. അല്ലാഹു ഈ രാഷ്ട്രീയക്കാർക്കും ബുദ്ധി നല്കട്ടെ. ഇത്തരക്കാരുടെ വലകളിൽനിന്ന് സാധാരണ ജനങ്ങൾക്കും പുറത്തുവരുവാൻ ഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 19.10.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala